പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3780 20/10/2016 ൽ മറുപടിക്ക്

## റീസർവ്വേ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. മുരളീധരൻ,<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റീസർവ്വേ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; റീസർവ്വേ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തുള്ള 1664 റവന്യൂ വില്ലേജുകളിൽ 881 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. കൂടാതെ 53 വില്ലേജുകളിൽ സർവ്വേ അതിരടയാള നിയമപ്രകാരം നോട്ടിഫിക്കേഷൻ 9(2) പ്രസിദ്ധപ്പെടുത്തുകയും , 8 വില്ലേജുകളിൽ സർവ്വേ അതിരടയാള നിയമപ്രകാരം 13 നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്സ്) നമ്പർ 409/2012/റവന്യൂ തീയതി 31/10/2012 പ്രകാരം സംസ്ഥാനത്ത് നിലവിൽ റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ബി) റീസർവ്വേ പൂർത്തിയാകാത്ത സ്ഥലങ്ങളിൽ ഭൂവുടമകൾക്ക് പട്ടയം ലഭിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) വിവരം ശേഖരിച്ചു വരുന്നു. |
| (സി) മുൻ സർക്കാരിന്റെ കാലത്ത് നടത്തിയ സർവ്വേ അദാലത്തിലൂടെ എത്ര പരാതികൾക്ക് പരിഹാരം കാണുവാൻ കഴിഞ്ഞു; അത്തരം അദാലത്തുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) LRM മുഖേന ലഭിച്ച 695804 പരാതികളിൽ 593146 പരാതികൾ തീർപ്പാക്കുകയും ചെയ്തു. ബാക്കിയുള്ള 102658 അപേക്ഷകൾ അതാത് താലൂക്ക് അഡീഷണൽ തഹസീൽദാർമാരുടെ നേതൃത്വത്തിൽ നടപടി സ്വീകരിച്ച് വരുന്നു. |

| | |
|---|---|
| (ഡി) റീസർവ്വേ സംബന്ധിച്ച പരാതികളിൽ സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നതിന് പ്രത്യേക സംവിധാനം ഒരുക്കുമോ; | (ഡി) സർക്കാർ ഉത്തരവ് (എം.എസ്.)നം. 200/10/റവന്യൂ തീയതി 31.10.16 പ്രകാരം റീസർവ്വെ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ ഭൂപരാതികൾ അതാത് താലൂക്ക് അഡീഷണൽ തഹസിൽദാർ മുഖേന നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) ഏതെങ്കിലും ജില്ലയിൽ റീസർവ്വേ പ്രവർത്തനങ്ങൾ നിർത്തി വയ്ക്കുവാൻ ഉത്തരവ് നൽകിയിട്ടുണ്ടോ? | (ഇ) സർക്കാർ ഉത്തരവ് (എം.എസ്സ്) നമ്പർ 409/2012/റവന്യൂ തീയതി 31/10/2012 പ്രകാരം സംസ്ഥാനത്ത് നിലവിൽ റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ